ലോകബാങ്ക്, അതിന്റെ കീഴിലുള്ള അന്താരാഷ്ട്രീയവികസന സഹായസംഘടന (ഐ. ഡി. എ.) എന്നിവയ്ക്കുള്ള ഓഹരിയും സഹായവും മുതലാളിത്തരാഷ്ട്രങ്ങൾ, പ്രത്യേകിച്ച് അമേരിക്ക, കുറച്ചുകൊണ്ടുവരികയാണ്. ഈ കുറവു നികത്തുക മാത്രമല്ല വർദ്ധിപ്പിക്കുകകൂടിവേണമെന്ന ദരിദ്രരാഷ്ട്രങ്ങളുടെ വാദം വിലപ്പോയിട്ടില്ല. ഈ സ്ഥാപനങ്ങളിൽനിന്നു സഹായം സ്വീകരിക്കുന്നവർ പല വ്യവസ്ഥകളും സ്വീകരിക്കേണ്ടതുണ്ട്. സ്വന്തം നാണയത്തിന്റെ വിലയിടിക്കുക, രാജ്യത്തിനുള്ളിലെ വൃദ്ധിനിരക്കു കുറയ്ക്കുക, വികസിതരാജ്യങ്ങളിൽനിന്നു കൂടുതൽ വിലയ്ക്കു് സാധനങ്ങളും സേവനങ്ങളും ഇറക്കുമതി ചെയ്യുക മുതലായവ ഈ വ്യവസ്ഥകളിൽ ഉൾപ്പെടുന്നു. കടം നൽകുന്ന ധനികരാഷ്ട്രങ്ങളുടെ താല്പര്യം സംരക്ഷിക്കുന്നതിനാണ് ഈ വ്യവസ്ഥകൾ എന്നു പ്രകടമാണല്ലോ.

ലണ്ടൻ ശിഖരസമ്മേളനംകൊണ്ട് എന്തു നേട്ടമുണ്ടായി? സോവിയറ്റ് പത്രമായ പ്രാവ്ദ എഴുതി: 'ഒരു രോഗിയുടെ കട്ടിലിനു ചുറ്റും നിന്ന് ഡോക്ടർമാർ നടത്തുന്ന ചർച്ചപോലെയായിരുന്നു, ലണ്ടൻ ശിഖരസമ്മേളനം. (മുതലാളിത്തസമ്പദ്ഘടനയാണ് രോഗി—ലേ.) രോഗം എന്താണെന്ന കാര്യത്തിൽ എല്ലാവരും ഒരേ അഭിപ്രായക്കാരായിരുന്നു. ചികിത്സയെപ്പറ്റി വാദപ്രതിവാദങ്ങൾ നടന്നു. രോഗം മൂർച്ഛിക്കുമോ എന്ന ആശങ്ക പ്രകടിപ്പിക്കപ്പെട്ടു. ഈ രോഗത്തിന് അത്ഭുതപരിഹാരങ്ങളൊന്നുമില്ലെന്ന നിഗമനത്തിൽ എല്ലാവരും എത്തിച്ചേർന്നു.'

(22 ജൂൺ, 1984)

# 13. യുവജനങ്ങൾക്ക് സ്വപ്നങ്ങൾ

ഇന്നത്തെ ലോകത്തിൽ ഏററവും സമ്പന്നവും ശക്തവുമായ രാഷ്ട്രം അമേരിക്കൻ ഐക്യനാടുകളത്രെ. അടുത്ത നാലു വർഷത്തേക്ക് ആ രാഷ്ട്രത്തിന്റെയും, അതുവഴി മനുഷ്യവർഗത്തിന്റെതന്നെയും, ഭാഗധേയം നിയന്ത്രിക്കേണ്ടതു് ആർ എന്നതാണ് നവംബറിൽ അവിടെ നടക്കാനിരിക്കുന്ന പ്രസിഡണ്ട് സ്ഥാനത്തേക്കുള്ള തെരഞ്ഞെടുപ്പിൽ അന്തർഭവിച്ച പ്രശ്നം. ഈ തെരഞ്ഞെടുപ്പിൽ എല്ലാ മനുഷ്യർക്കും താല്പര്യമുണ്ടാവുകയെന്നതു സ്വാഭാവികം മാത്രമാണ്.

അമേരിക്കൻ രാഷ്ട്രീയരംഗം അടക്കിവാഴുന്നതു്, സിദ്ധാന്തപരമായി വലിയ വ്യത്യാസമൊന്നുമില്ലാത്ത രണ്ടു പാർട്ടികളാകുന്നു. ഇവയിൽ, റിപ്പബ്ലിക്കൻപാർട്ടിയുടെ പ്രസിഡണ്ട് സ്ഥാനാർത്ഥി ഇപ്പോഴത്തെ പ്രസിഡണ്ട് മി. റെയ്ഗൻതന്നെ. മി. റെയ്ഗൻ തെരഞ്ഞെടുപ്പിൽ ജയിക്കുന്നപക്ഷം, അമേരിക്കൻഗവണ്മെൻറിന്റെ ഇന്നത്തെ നയപരിപാടികൾ അടുത്ത നാലു വർഷത്തേക്കുകൂടി തുടരുകയാവും, അതിന്റെ അനിവാര്യഫലം.

ഈ നയപരിപാടികളിൽ എന്തെങ്കിലും മാററമുണ്ടാവണമെങ്കിൽ, തെരഞ്ഞെടുപ്പിൽ മി. റെയ്ഗനെ തോല്പിച്ച്, ഡെമോക്രാററിക്പാർട്ടിയുടെ സ്ഥാനാർത്ഥി അടുത്ത പ്രസിഡണ്ട് ആവണം. ജൂലൈ മൂന്നാം ആഴ്ചയിൽ സാൻഫ്രാൻസിസ്കോയിൽ ചേർന്ന ഡെമോക്രാററിക് പാർട്ടിയുടെ ദേശീയ കൺവെൻഷൻ, പ്രസിഡണ്ട്സ്ഥാനത്തേക്കുള്ള സ്ഥാനാർത്ഥിയായി മി. വാൾട്ടർ എഫ്. മൊൺഡെയിലിനെ നിർദേശിക്കുകയും

പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെടുന്നപക്ഷം മി. മോൺഡെയ്ൽ നടപ്പിൽവരുത്തേണ്ട നയപരിപാടികളുടെ ബാഹ്യരേഖ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്.

പ്രസിഡണ്ട് സ്ഥാനത്തേക്ക് ഡെമോക്രാററിക് പാർട്ടിയുടെ ഔദ്യോഗികസ്ഥാനാർത്ഥിയായി നാമനിർദേശം ലഭിക്കുന്നതിനുവേണ്ടി മി. മോൺഡെയ്ലുമായി മത്സരിച്ചതു രണ്ടുപേരാണ്. സെനററ് അംഗമായ മി. ഗാരിഹാർട്ടും ഒരു നീഗ്രോ പുരോഹിതനായ മി. ജെസ്സി ജാക്സനും. പ്രസിഡണ്ടു സ്ഥാനത്തേക്കുള്ള തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിനായി ഏതെങ്കിലുമൊരു പാർട്ടിയുടെ 'ടിക്കററ്' നേടുന്നതിനു തൊലി കറുത്ത ഒരാൾ അമേരിക്കയിൽ ശ്രമിക്കുന്നതു് ഇതാദ്യമായിട്ടാണ്. അമേരിക്കൻ പൗരർ എന്ന നിലയിൽ പൂർണമായ സമത്വം നേടുന്നതിനുവേണ്ടിയുള്ള കറുത്തവരുടെ സമരം ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുകയത്രെ. ഈ സമരത്തിൽ രക്തസാക്ഷിത്വം വരിച്ച മാർട്ടിൻ ലൂഥർകിങ്ങിന്റെ പൈതൃകത്തെയാണ് ജാക്സൻ പ്രതിനിധാനംചെയ്യുന്നതു്. ജാക്സന് ഡെമോക്രാററിക്പാർട്ടിയുടെ നോമിനേഷൻ ലഭിക്കാതെപോയതു് അപ്രതീക്ഷിതമായിരുന്നില്ല. ജാക്സൻ നിർദേശിച്ച നയപരിപാടികളും ഡെമോക്രാററിക്പാർട്ടി അംഗീകരിക്കുകയുണ്ടായില്ല. എങ്കിലും, പ്രസിഡണ്ടു സ്ഥാനത്തേക്കുള്ള മത്സരത്തിനു നാമനിർദേശം നേടുന്നതിനായി ജാക്സൻ നടത്തിയ പ്രചാരവേല, പൗരാവകാശങ്ങൾക്കുവേണ്ടി അമേരിക്കൻ നീഗ്രോകൾ നടത്തുന്ന സമരത്തിൽ, മനുഷ്യാവകാശങ്ങൾക്കുവേണ്ടി ലോകമെങ്ങും നടക്കുന്ന സമരത്തിൽത്തന്നെ, ഉജ്ജ്വലമായ ഒരധ്യായം എഴുതിച്ചേർത്തിട്ടുണ്ട്. അത്രത്തോളം ജാക്സൻ ജയിക്കുകയും ചെയ്തിരിക്കുന്നു.

റെയ്ഗന്റെ അമേരിക്ക ഏററവുമധികം ശത്രുത്വം പുലർത്തുന്നതു് അയൽരാജ്യമായ കാസ്ട്രോയുടെ ക്യൂബയോടാകുന്നു. പ്രസിഡണ്ട് സ്ഥാനത്തേക്കുള്ള തെരഞ്ഞെടുപ്പിൽ നോമിനേഷൻ ലഭിക്കുന്നതിനുവേണ്ടി പ്രചാരവേല നടത്തിക്കൊണ്ടിരിക്കെ, ഇക്കഴിഞ്ഞ ജൂൺമാസത്തിൽ ജാക്സൻ ക്യൂബ സന്ദർശിക്കുകയുണ്ടായി. ഇതിനെത്തുടർന്നു് ജാക്സന്റെ സത്യസന്ധതയും സാമർത്ഥ്യവും ആത്മാർത്ഥതയും മാന്യതയും സമാധാനവും ജനതകൾക്കിടയിൽ സൗഹാർദവും സ്ഥാപിക്കുന്നതിനുവേണ്ടി അദ്ദേഹം നടത്തുന്ന ആവേശപൂർണമായ പരിശ്രമവും തങ്ങൾക്കു വളരെ മതിപ്പുളവാക്കിയെന്നും, ക്രൈസ്തവചിന്തയിലെ അത്യുത്തമങ്ങളായ മൂല്യങ്ങളുടെ അസാധാരണമായ ഒരു ഉദാഹരണമായി ജാക്സനെ താൻ കണക്കാക്കുന്നു എന്നും ഫിഡെൽ കാസ്ട്രോ പ്രസ്താവിച്ചു.

ക്യൂബൻവിപ്ലവവിജയത്തിന്റെ 25–ാം വാർഷികത്തോടനുബന്ധിച്ച് ജൂൺ 27–ാംതീയതി ഹവാന സർവകലാശാലയിലെ വിദ്യാർത്ഥികളോടു് ജാക്സൻ ചെയ്ത പ്രസംഗം ജൂലൈ 8–ലെ 'ഗ്രാൻമ' എന്ന ക്യൂബൻ പത്രത്തിൽ ചേർത്തിരുന്നു. സമകാലലോകത്തിൽ യുവജനങ്ങളുടെ പ്രശ്നങ്ങളും കർത്തവ്യങ്ങളും വിവരിക്കുന്ന ഈ പ്രസംഗം ചിന്തയുടെ വൈശദ്യംകൊണ്ടും സ്ഫടികസ്പഷ്ടമായ ആത്മാർത്ഥതകൊണ്ടും അത്യന്തം ശ്രദ്ധേയമായിരുന്നു. അതിന്റെ ഒരു സംക്ഷേപം താഴെ ചേർക്കുന്നു. ക്യൂബൻ വിദ്യാർത്ഥികളെ അഭിസംബോധനചെയ്തു് ജാക്സൻ പറഞ്ഞു:

'നമ്മുടെ അർദ്ധഗോളത്തിൽ (അമേരിക്കയിൽ) സമാധാനം നേടുന്നതിനായി ഒരു പുതിയ ധർമയുദ്ധം (മോറൽ ഒഫെൻസീവ്) പ്രഖ്യാപിക്കപ്പെടണമെന്നു ഞങ്ങൾ രണ്ടുപേരും (ജാക്സനും കാസ്ട്രോയും) കരുതുന്നു. മധ്യഅമേരിക്കയിലെ സംഘർഷം ന്യായമായും പരിഹരിക്കുന്നതിനു കൂടിയാലോചനകൾ നടത്തേണ്ടതാണെന്നും ഞങ്ങൾ വിശ്വസിക്കുന്നു. അമേരിക്കയും ക്യൂബയും തമ്മിൽ സാധാരണ ബന്ധങ്ങൾ പുനഃസ്ഥാപിക്കുന്നതാവശ്യമാണെന്നും ഞങ്ങൾ വിചാരിക്കുന്നു.

'പരസ്പരം പഴിചാരുകയല്ല, കൂടിയാലോചിക്കുകയാണു നാം ചെയ്യേണ്ടതു്. ഒരു കൈ കഴുകാൻ മറ്റേ കൈ സഹായിച്ചേ പറ്റൂ. സമാധാനം നേടുവാൻ നാം ആവേശത്തോടെ മുൻകൈയെടുക്കണം.

'ഇതുകൊണ്ടു മാത്രമായില്ല. ഭാവിയിലെ യുവതലമുറകൾക്കു് ഒത്തുചേർന്നു നിർമാണപ്രവർത്തനങ്ങളിലേർപ്പെടാനും, അന്യോന്യം കൊന്നൊടുക്കാതെ പരസ്പരം മുറിവുകൾ കെട്ടിക്കൊടുക്കാനും ഒരവസരം നൽകപ്പെടണമെങ്കിൽ നാം നിർവഹിക്കേണ്ട ഒരു ദീർഘയാത്രയുടെ ആരംഭം മാത്രമാണിതു്.

'കഴിഞ്ഞതിനെപ്പറ്റി ചിന്തിച്ചിരുന്നിട്ടു ഫലമില്ല. ഭാവിയെ എന്താക്കാൻ കഴിയുമെന്നതാവണം നമ്മുടെ ചിന്ത. അതിനാവണം നമ്മുടെ പ്രയത്നം. എല്ലാ സാദ്ധ്യതകളെപ്പറ്റിയും ഇന്നത്തെ യുവജനങ്ങൾ സ്വപ്നം കാണുന്നു. മനുഷ്യാവകാശങ്ങൾ എങ്ങും ഒരേ മാനദണ്ഡങ്ങൾ ഉപയോഗിച്ചു് അളക്കാൻ കഴിയുമെന്നു യുവജനങ്ങൾ സ്വപ്നം കാണുന്നു. ദക്ഷിണാഫ്രിക്കയിലെ ഭീകരമായ അകറ്റിനിർത്തൽ നയം (അപ്പാത്ത്ഹൈഡ്) നമുക്കു സഹിക്കാനാവില്ല. നമ്മളിൽ ഒരാളോടു കാട്ടുന്ന അനീതി എല്ലാവരോടും കാട്ടുന്ന അനീതിയാകുന്നു.

'യുവജനങ്ങൾ അണുനിരായുധീകരണത്തെപ്പറ്റി സ്വപ്നം കാണുന്നു. അണ്വായുധങ്ങൾ മനുഷ്യരെ മുഴുവൻ കഴിച്ചിടുംമുമ്പു നാം അണ്വായുധങ്ങളെ കഴിച്ചിടണം. സൈനികായുധങ്ങൾ നിർമിക്കുന്നതിനായി ഇന്നു ചെലവഴിക്കപ്പെടുന്ന ധനവും വിഭവങ്ങളും ദാരിദ്ര്യനിർമാർജനത്തിനായി തിരിച്ചുവിടുന്ന ഒരു ദിവസത്തെപ്പറ്റി യുവജനങ്ങൾ സ്വപ്നം കാണുന്നു. നമ്മുടെ അമൂല്യങ്ങളായ വിഭവങ്ങൾ ഉപയോഗപ്പെടുത്തേണ്ടതു കുട്ടികൾക്കു വിദ്യാഭ്യാസം നൽകാനും, വിശക്കുന്നവർക്കു ഭക്ഷണം നല്കാനും അശരണർക്കു പാർപ്പിടം നൽകാനുമാണു്. യുവാക്കൾക്കു് ഒരവസരം നാം നൽകുക. പരസ്പരം ബഹുമാനത്തിൽ അധിഷ്ഠിതമായ സൗഹാർദബന്ധം ക്യൂബയും അമേരിക്കൻ ഐക്യനാടുകൾക്കുമിടയിൽ സ്ഥാപിക്കപ്പെടുന്ന ദിവസത്തെപ്പറ്റിയും നാം സ്വപ്നം കാണണം. നാം അയൽക്കാർ ആണു്, അയൽക്കാർക്കു ചേർന്ന മട്ടിൽ നാം പെരുമാറണം.

പശ്ചിമാർദ്ധഗോളം (അമേരിക്ക) യുദ്ധമുക്തമേഖലയാകുന്നതിനെപ്പറ്റി യുവജനങ്ങൾ സ്വപ്നം കാണുന്നു. കാനഡമുതൽ ചിലിവരെയും ഹൈറ്റി മുതൽ ക്യൂബവരെയും സമാധാനം! കഴിഞ്ഞ അഞ്ചു വഷങ്ങളിൽ യുദ്ധംനിമിത്തം മദ്ധ്യഅമേരിക്കയിൽമാത്രം പതിനഞ്ചുലക്ഷം കുടുംബങ്ങൾ ചിതറിപ്പോയിട്ടുണ്ടു്. ഇവർ വീണ്ടും ഒന്നിച്ചുചേരുമെന്നതാണു യുവജനങ്ങളുടെ സ്വപ്നം.

'മയക്കുമരുന്നുകളിൽനിന്നു വിമുക്തമായ ഒരു സംസ്കാരത്തെ നാം സ്വപ്നം കാണുന്നു. ഭൂമിയിലെ വിഭവങ്ങളിൽ എല്ലാ മനുഷ്യർക്കും പങ്കാളിത്തമുള്ള ഒരു ദിവസത്തെപ്പറ്റി നാം സ്വപ്നം കാണുന്നു. ഒരാളുടെ സ്വർഗ്ഗം മറ്റൊരാളുടെ നരകമാകരുതു്.

വിശപ്പും രോഗവും നിരക്ഷരതയും മനുഷ്യവർഗത്തിൽനിന്നു തുടച്ചുനീക്കുന്നതിനായി അമേരിക്കയും സോവിയറ്റ് യൂണിയനും ഒത്തുചേരുന്ന ദിവസത്തെപ്പറ്റി യുവജനങ്ങൾ സ്വപ്നം കാണുന്നു, അണ്വായുധപ്പന്തയത്തെ കൈവിട്ടു നാം മനുഷ്യവർഗത്തെ തെരഞ്ഞെടുക്കണം. രണ്ടു് വൻശക്തികൾ (അമേരിക്കയും റഷ്യയും) ആയുധനിർമാണം ഇന്നു നിർത്തിവെച്ചാൽ, നാളെ മനുഷ്യവർഗത്തിന്റെ പട്ടിണി പരിഹരിക്കാൻ നമുക്കു സാധിക്കും.

'പക്ഷേ, പരസ്പരം സംസാരിക്കാതെ ആത്മഭാഷണം നടത്തുകയാണെങ്കിൽ, കൂടിയാലോചന നടത്താതെ ബലം പ്രയോഗിക്കുകയാണെങ്കിൽ, സംസ്കാരസമ്പന്നങ്ങളായ മനസ്സുകളെയല്ലാതെ നിയന്ത്രിത

മിസ്സൈലുകളെ നാം തൊടുത്തുവിടുകയാണെങ്കിൽ, ഈ പ്രശ്നങ്ങൾ പരിഹരിക്കാൻ നമുക്കു കഴിയുകയില്ല. പുതിയ ദിശകൾ തേടുകയെന്നതാണ് ഈ തലമുറയുടെ കർത്തവ്യം. നാം ഇന്നു സഞ്ചരിക്കുന്ന മാർഗം അപകടങ്ങൾ നിറഞ്ഞതാണ്; ആപന്നിബിഡമാണ്.

'പരസ്പരബന്ധങ്ങളിൽ നാം ഇന്നത്തെ നിലപാടുകളും പ്രവൃത്തികളും മാററണം. സ്വന്തം മാർഗം തെരഞ്ഞെടുക്കുന്നതിനു ലോകത്തിലെങ്ങുമുള്ള ജനങ്ങളുടെ അവകാശത്തെ നാം ആദരിക്കണം. മററുള്ളവർക്കു പററിയ വികസനമാതൃകയും രാഷ്ട്രീയ സംവിധാനവും തീർച്ചയാക്കേണ്ടതു നാമാണെന്നു കരുതുക. എന്തൊരു ധിക്കാരമാണ്! ഓരോ രാഷ്ട്രത്തിനുമുണ്ട് അതിന്റേതായ വ്യതിരിക്തത, അതിന്റേതായ സവിശേഷത. സംസ്കാരത്തിലും, ഭൂമിശാസ്ത്രത്തിലും, വിഭവങ്ങളിലും, ജനതകളിലും സ്വയം നിർണയനത്തിനുള്ള അവകാശം നാം അംഗീകരിച്ചേ മതിയാവൂ.

'എല്ലാ രാഷ്ട്രങ്ങളുടെയും ഭൂപരമായ അഖണ്ഡതയും ദേശീയ പരമാധികാരവും നാം ആദരിക്കണം. സൈനികശക്തി ഉപയോഗപ്പെടുത്താത്ത ഇടപെടൽ ആയിരിക്കണം വിദേശനയത്തിന്റെ അടിസ്ഥാനതത്ത്വം.

'ആയുധങ്ങൾ ഉപയോഗിച്ച് അന്യരാജ്യങ്ങളിൽ ആധിപത്യംചെലുത്തുന്നതുമാത്രം ഉപേക്ഷിച്ചാൽപോരാ. മനുഷ്യചരിത്രത്തിൽ, ഒരു വെടികൊണ്ട് അപഹരിക്കാൻ കഴിയുന്നതിൽ എത്രയോ കൂടുതൽ ഒരു പേനയുടെ ചലനംകൊണ്ട് അപഹരിക്കപ്പെട്ടിട്ടുണ്ട്. ലാററിനമേരിക്കൻ രാജ്യങ്ങളുടെ ഇന്നത്തെ അന്താരാഷ്ട്രീയ പൊതുക്കടം മുന്നൂററമ്പത് ബില്യൺ (മുപ്പത്തയ്യായിരം കോടി) (35,000,0000,000) ഡോളർ ആണ്. അന്താരാഷ്ട്രീയ നാണയനിധിയുടെ(ഐ. എം. എഫ്)യും വായ്പകൊടുക്കുന്ന മററു സ്ഥാപനങ്ങളുടെയും നയം ലാററിനമേരിക്കയുടെ വിഭവങ്ങളെയും അന്തസ്സിനെയും, സർവോപരി ഭാവിയെയും, ബലാൽസംഗംചെയ്തിരിക്കുന്നു. അമേരിക്കൻ അർദ്ധഗോളത്തിൽ അവികസിതരാജ്യങ്ങളില്ല, ദുർവികസിതരാജ്യങ്ങളേ ഉള്ളൂ.

'നിലവിലുള്ള അസമാനബന്ധങ്ങൾ അവസാനിക്കണം. പ്രത്യേകിച്ചു പ്രയത്നമൊന്നും ചെയ്യാതെതന്നെ, കൂടുതൽക്കൂടുതൽ അസമാനങ്ങളായി വളരാൻ തക്കവണ്ണമാണു വ്യവസായവൽകൃതരാജ്യങ്ങൾ അവികസിതരാജ്യങ്ങളുമായുള്ള തങ്ങളുടെ ബന്ധങ്ങളെ കരുതിക്കൂട്ടി, ബോധപൂർവം, സംവിധാനംചെയ്തിട്ടുള്ളത്. ദുർബലരുടെ ചെലവിൽ പ്രബലർക്കു മെച്ചം ലഭിക്കുവാനുള്ള നയപരിപാടികൾ നടപ്പിലാക്കപ്പെട്ടിരിക്കുന്നു. ഇത്തരം പ്രവർത്തനങ്ങളുടെ തികഞ്ഞ ഉദാഹരണമാണ് അന്താരാഷ്ട്രീയ നാണയനിധിയുടെ നയങ്ങൾ.

'ഭൂതകാലനയങ്ങളുടെ യുക്തിസംഗതമായ വളർച്ചയാണ് ഇന്നത്തെ അന്താരാഷ്ട്രീയ-കടപ്രതിസന്ധി. ഈയാണ്ടിൽ നാലാമത്തെ തവണ, ഈ ആഴ്ചയിൽ പലിശനിരക്കു പന്ത്രണ്ടര ശതമാനത്തിൽനിന്നു പതിമൂന്നു ശതമാനമായി ഉയർത്തുകയുണ്ടായി. ഇതിനർത്ഥം ലാററിനമേരിക്കയുടെ പൊതുക്കടത്തിൽ ഒന്നര ബില്യൻ ഡോളർ (നൂററമ്പതു കോടി) വർദ്ധനപെട്ടെന്ന് ഉണ്ടാവുകയെന്നതാണ്.

'ഭൂതകാലം ഇനിമേൽ ഭാവികാലത്തിന്റെമേൽ അധികാരം ചെലുത്തിക്കൂടാ. യുവജനങ്ങളുടെ ഭാവിയെ ബാങ്കുകൾക്കു പണയപ്പെടുത്തിയിരിക്കയാണെങ്കിൽ, മെച്ചപ്പെട്ട ഒരു ഭാവിയെപ്പററി അവർക്ക് എങ്ങനെ സ്വപ്നം കാണാൻ കഴിയും? അന്താരാഷ്ട്രീയ നാണയനിധി (ഐ. എം. എഫ്.) പിരിച്ചുവിടണം. അതിന്റെ സ്ഥാനത്തു കൂടുതൽ നീതിനിഷ്ഠമായ അന്താരാഷ്ട്രീയ സാമ്പത്തികസംവിധാനം ഏർപ്പെടുത്തണം. ബാങ്കിലേക്കുള്ള കടം അടച്ചുതീർക്കാൻവേണ്ടി നാം നമ്മുടെ കുട്ടികൾക്കു ഭക്ഷണവും വസ്ത്രവും വിദ്യാഭ്യാസവും നിഷേധിക്കണമെന്ന് അനുശാസി

ക്കുന്ന വ്യവസ്ഥിതിയെ നാം പൊറുപ്പിച്ചുകൂടാ. ഈ വ്യവസ്ഥിതി ഉടൻ അവസാനിച്ചേ തീരൂ.

'നാം എന്തുതരം മനുഷ്യരാണെന്നറിയാനുള്ള പ്രധാന പരീക്ഷണം, ഒരുപക്ഷേ, നമ്മെ ശുണ്ഠിപിടിപ്പിക്കുന്നത് എന്ത് എന്നു കണ്ടറിയലാവും. നമുക്കു പ്രിയപ്പെട്ട ഫുട്ബാൾടീമിനു പിഴ വിധിക്കുമ്പോഴോ, അവർ തോല്ക്കുമ്പോഴോ, ആണോ നമുക്കു കോപം വരുന്നത്? പത്രത്തിൽ ദാരിദ്ര്യത്തെയും വിശപ്പിനെയുംപറ്റി വായിക്കുമ്പോൾ നാം വെറുതെ പേജ് മറിക്കുകമാത്രമേ ചെയ്യുന്നുള്ളു? വർഗവൈരം, സ്ത്രീകൾക്കെതിരായ പാതകങ്ങൾ മുതലായവ സംബന്ധിച്ച വാർത്തകൾ ടെലിവിഷനിൽ കാണുമ്പോൾ നാം ചാനൽ മാറ്റുകയാണോ പതിവ്? അനീതി കാണുമ്പോൾ നാം നിരാശയോടെ മടുത്ത് വെറുതെ നെടുവീർപ്പിട്ട് മിണ്ടാതിരിക്കുകയാണോ?'

'സമാധാനത്തിനും നീതിക്കുംവേണ്ടിയുള്ള അന്വേഷണത്തിൽ നാം വികാരഭരിതരാവണം. നമ്മുടെ കുട്ടികളുടെ ഭാവി ഭദ്രമാക്കുന്നതിൽ നാം ആക്രാമകമനോഭാവംതന്നെ കാണിക്കണം. വർഗവാദം, സ്ത്രീകളോട് അനീതി, അസമത്വം, യുദ്ധം, അന്യായം എന്നിവയോട് നാം കടുത്ത ശത്രുത പുലർത്തണം.

'സ്വപ്നം കാണാനുള്ള പരിതഃസ്ഥിതി യുവാക്കൾക്ക് ഉണ്ടാക്കിക്കൊടുക്കുകയാണ് നമ്മുടെ ചുമതല. അവരുടെ മനസ്സുകൾക്ക് അതിനെപ്പറ്റി ചിന്തിക്കാനും, അവരുടെ ഹൃദയങ്ങൾക്ക് അതിൽ വിശ്വസിക്കാനും കഴിവുണ്ടെങ്കിൽ, അവർ നേടുകതന്നെചെയ്യും. കൂടുതൽ നല്ല ഒരു ലോകം നേടുന്നതിനുള്ള പ്രയത്നംകൊണ്ടാണ് നമ്മുടെ വ്യക്തിത്വത്തെ അളക്കേണ്ടത്. നമ്മുടെ പ്രയത്നത്തെ അടിസ്ഥാനമാക്കിയാണ് നമ്മുടെ വ്യക്തിസ്വഭാവത്തെ വിലയിരുത്തേണ്ടത്.

'യുവജനങ്ങളുടെ ഇന്നത്തെ സ്വപ്നങ്ങളിലാണ് ഭൂമിയുടെ ഭാവി. പരിശ്രമിച്ചു പരാജയപ്പെടുന്നതു പാപമല്ല; പരിശ്രമിക്കാതിരിക്കുന്നതാണ് പാപം. ഈ തലമുറയിലെ യുവജനങ്ങൾ സ്വപ്നം കാണുന്നതിനുള്ള അധികാരം ഉപയോഗപ്പെടുത്തണം. യാഥാർത്ഥ്യത്തെ, ഉള്ളതിനെ, ഉള്ള വിധത്തിൽ നിങ്ങൾ നേരിടണം. പക്ഷേ, ഉണ്ടാവേണ്ട യാഥാത്ഥ്യത്തെപ്പറ്റി സ്വപ്നം കാണുകയും വേണം. യാഥാത്ഥ്യത്തിന്റെ വേദനയ്ക്കപ്പുറം ശോഭനമായ ഒരു ഭാവിയിലേക്കു ജീവിക്കുക. ആശയും ഭാവനയും ആയുധങ്ങളാക്കുക. മനുഷ്യകുടുംബത്തെ സേവിക്കുവാൻ സ്നേഹം നിങ്ങൾക്കു പ്രചോദനമരുളട്ടെ. മനുഷ്യകുടുംബസേവനം നിങ്ങളുടെ കടമയായിത്തീരട്ടെ. സമാധാനത്തെപ്പറ്റി സ്വപ്നം കാണുക. ആളുകളെ ചുട്ടുകൊല്ലാതെ ആയുധങ്ങളെ കുഴിച്ചുമൂടുക

'നാം സമാധാനത്തെപ്പറ്റി സ്വപ്നം കാണണം. ഒന്നുകിൽ ആയുധങ്ങളെ മരവിപ്പിക്കുന്നതിനോ, അല്ലെങ്കിൽ മനുഷ്യവർഗത്തെ ചുട്ടുകൊല്ലുകയും ഭൂമിയെ മരവിപ്പിക്കുകയും ചെയ്യുന്നതിനോ, നിയോഗിക്കപ്പെട്ട ആദ്യത്തെ തലമുറയാണു നാം. നാം നീതിയെപ്പറ്റി സ്വപ്നം കാണണം. മനുഷ്യാവകാശങ്ങളെ ഒരൊറ്റ മാനദണ്ഡംകൊണ്ട് അളക്കണം. നാം ഒരു പുതിയ മൂല്യവ്യവസ്ഥയെ സ്വപ്നം കാണണം. പുതിയ മൂല്യങ്ങൾ ഒരു സാർവലൗകികമൂല്യത്തിലേക്കു നയിക്കും.

'ജീവിതപ്പുലരിയിലുള്ള കിടാങ്ങളെപ്പറ്റി നമുക്കു വിചാരം വേണം. ജീവിതക്കുഴിയിൽ കിടക്കുന്ന ദരിദ്രരെപ്പറ്റി നമുക്കു വിചാരം വേണം. ജീവിതസൂര്യാസ്തമയത്തിലുള്ള വൃദ്ധരെപ്പറ്റി നമുക്കു, വിചാരം വേണം. അദ്ധ്യാപകർ ആവേശത്തോടെ, അർപ്പണബോധത്തോടെ, ശമ്പളത്തിനോ തൊഴിലായോ പഠിപ്പിക്കുകയല്ലെന്ന വിചാരത്തോടെ, ജീവിതത്തിനുവേണ്ടി പഠിപ്പിക്കണം. സമ്പാദ്യത്തെക്കാളേറെ പൊതുജനാ

രോഗ്യത്തിൽ താല്പര്യമുള്ളവരാകണം ഡോക്ടർമാർ. ഒരു ജഡ്ജിസ്ഥാനം നേടുന്നതിലുപരി നീതി നിർവഹിക്കപ്പെടുന്നതിലാവണം വക്കീൽമാരുടെ ശുഷ്കാന്തി. കലാകാരന്മാർ സംഗീതത്തിലൂടെ സന്ദേശവും താളത്തിലൂടെ യുക്തിബോധവും പ്രചരിപ്പിക്കണം. ലാഭം നേടുകയല്ലാതെ മാർഗദർശനമാവണം പുരോഹിതരും മതപ്രാസംഗികരും ലക്ഷ്യമാക്കുന്നത്. കൊടുങ്കാറ്റിന്റെ നെറ്റിക്കെതിരെ പൊതുജനാഭിപ്രായത്തെ നയിക്കുന്ന പ്രാമാണികരായ രാഷ്ട്രീയനേതാക്കളാണ് നമുക്കു വേണ്ടത്; അഭിപ്രായബാലട്ടുകളുടെ പിൻകാറ്റുകളുടെ പിന്നാലെ പറക്കുന്നവരല്ല.

'എത്രമാത്രം സുഖഭോഗങ്ങളനുഭവിക്കുന്നു എന്നതിനെ അടിസ്ഥാനമാക്കിയല്ലാതെ, എത്രമാത്രം പങ്കിട്ടു നൽകുന്നു എന്നതിനെ അടിസ്ഥാനമാക്കി, വ്യക്തിസ്വഭാവത്തെ വിലമതിക്കുന്ന ഒരു ലോകത്തെപ്പറ്റി നാം സ്വപ്നം കാണണം. ഏറ്റവും എളിയവനോട് എങ്ങനെ പെരുമാറുന്നു എന്നതിനെ അടിസ്ഥാനമാക്കിവേണം നാം വ്യക്തിസ്വഭാവത്തെ വിലമതിക്കാൻ. കൂടുതൽ മനുഷ്യർക്കു ഭക്ഷണവും കൂടുതൽ പേർക്കു പാർപ്പിടവും കൂടുതൽ പേർക്കു സ്നേഹവും നൽകുന്നവനോ നൽകുന്നവളോ ആണ് നേതാവ്. ദരിദ്രർക്കുവേണ്ടിയാവണം, ലോഭികൾക്കുവേണ്ടിയാവരുത് നമ്മുടെ പോരാട്ടം. മഹത്വത്തിലേക്കു നയിക്കുന്ന ത്യാഗത്തിന്റെ നിയമങ്ങളെപ്പറ്റി നാം സ്വപ്നം കാണുകയും അവ തെരഞ്ഞെടുക്കുകയും വേണം. തകർച്ചയിലേക്കു നയിക്കുന്ന അവസരവാദത്തിന്റെ നിയമങ്ങൾ നാം തെരഞ്ഞെടുത്തുകൂടാ.

'അർഹിക്കാത്ത പീഡാനുഭവത്തിനു പ്രതിഫലം ലഭിക്കുമെന്നു നിങ്ങളുടെ സ്വപ്നങ്ങളിൽ നിങ്ങൾ അറിയുക. രക്തസാക്ഷികളുടെ രക്തം വെള്ളംകൊണ്ടു കഴുകിക്കളയുക സാദ്ധ്യമല്ല. രക്തത്തിനു വെള്ളത്തേക്കാൾ കട്ടിയുണ്ട്. വെള്ളംകൊണ്ടു നനച്ചാൽ പുല്ലും പൂക്കളും വളരും, ചോരകൊണ്ടു നനച്ചാൽ വിമോചനത്തിന്റെ മക്കൾ വളരും. പകൽ എത്ര അദ്ധ്വാനപൂർണവും രാത്രി എത്ര ഇരുണ്ടതുമാണെങ്കിലും, എവിടെയോ പ്രകാശത്തിന്റെ ഒരു ഭാഗമുണ്ട്. അംഗോളയിൽ, മൊസാംബിക്കിൽ, നിക്കരാഗ്വയിൽ, എൽസാൽവദോറിൽ, ഹാർലെമിൽ, ഹവാനയിൽ— എവിടെയോ കൂടുതൽ പ്രകാശമുള്ള ഒരു ഭാഗമുണ്ട്

'പ്രതിസന്ധിയുടെ മറുവശമാണ് അവസരം. ദരിദ്രർക്കിടയിൽ നിങ്ങൾ പാർക്കുകയോ സഞ്ചരിക്കുകയോ ചെയ്യുമ്പോൾ പൊളിഞ്ഞുപോയ ഒരു ജനാലക്കതക് ജീവിതത്തിന്റെ 'ചേരിവശ'ത്തെ പ്രതിനിധാനം ചെയ്യുന്നു. ഒരു ചില്ലുപലക ഉറപ്പിച്ച് ആ ജനാലക്കതക് ശരിപ്പെടുത്താൻ ഒരു യുവാവിനെ പരിശീലിപ്പിക്കുക—അതത്രെ ജീവിതത്തിന്റെ 'പ്രകാശവശം.' ചുവരിൽനിന്ന് അടർന്നുവീണ ഒരു ഇഷ്ടിക 'ചേരിവശ'മാണ്. ഇഷ്ടിക പടുക്കുവാൻ ഒരു യുവാവിനെ പരിശീലിപ്പിക്കുക—അതു് 'പ്രകാശവശം' ആണ്. ഒരു വാതിൽ പൊളിഞ്ഞുകിടന്നാൽ അതു 'ചേരിവശ'മാണ്. ഒരു യുവാവിനെ മരപ്പണി പഠിപ്പിക്കുക—അതു 'പ്രകാശവശ'വും.

'സത്രത്തിൽനിന്നു പുറംതള്ളപ്പെട്ട് യേശുക്രിസ്തു ചേരിയിൽ പിറന്നു. നിങ്ങൾ ചേരിയിൽ പിറന്നു എന്നതുകൊണ്ടു മാത്രം ചേരി നിങ്ങളിൽ പിറക്കുന്നില്ല. നിശ്ചയദാർഢ്യമുള്ള മനസ്സാണ് ലോകത്തിലെ ഏറ്റവും ശക്തമായ ആയുധം. അതു് ഉപയോഗിച്ച് നിങ്ങൾക്ക് ഏതു പരിതസ്ഥിതികൾക്കും മുകളിൽ ഉയരാം, നിശ്ചയദാർഢ്യമുള്ള മനസ്സ് നിങ്ങൾക്കുണ്ടെങ്കിൽ, കേറിക്കടക്കാൻ ആവാത്ത ഉയരം ഏതു മലയ്ക്കുമില്ല. ഇറങ്ങിക്കടക്കാൻ ആവാത്ത ആഴം ഏതു താഴ്വരയ്ക്കുമില്ല. ഒരു വനവും അത്രയൊന്നും ഗഹനമല്ല. ഒരു ജയിലറയും നിങ്ങളെ തടഞ്ഞുവെക്കാനാ

വില്ല. ഒരു തണ്ണയും നിങ്ങളെ തടുക്കുവാൻ കരുത്തില്ല. ഒരു ശ്മശാനത്തിനും നിങ്ങളുടെ ശരീരത്തെ അടക്കിക്കിടത്തുവാൻ കഴിയുകയില്ല. ബാഹ്യദൃഷ്ടികൊണ്ടു ദാരിദ്ര്യം കാണാൻ നിങ്ങൾക്കു കഴിയും. എന്നാൽ, അന്തർദൃഷ്ടികൊണ്ടു ജീവിതത്തിന്റെ പ്രകാശവംശം നിങ്ങൾക്കു കാണാം. ദുഃഖാനുഭവത്തിൽനിന്നാണു വ്യക്തിത്വം ഉരുത്തിരിയുന്നത്. വ്യക്തിത്വത്തിൽനിന്നു വിശ്വാസം വളരുന്നു, വിശ്വാസം നിരാശപ്പെടുകയില്ല. ഒടുവിൽ വിശ്വാസം വിജയിക്കുകതന്നെചെയ്യും.

'നാം സമാധാനത്തിനുവേണ്ടി പൊരുതുന്നു; നാം നീതിക്കുവേണ്ടി പൊരുതുന്നു. നാം ധീരമായ നേതൃത്വത്തിനുവേണ്ടി പൊരുതുന്നു.'

'നമ്മുടെ സമയം വന്നുകഴിഞ്ഞു. നമ്മുടെ സമയം വന്നുകഴിഞ്ഞു. നമ്മുടെ സമയം വന്നുകഴിഞ്ഞു!'

ഊർജസ്വലമായ ഈ പ്രസംഗത്തിലേക്കു നമ്മുടെ യുവജനങ്ങളുടെ ശ്രദ്ധ ഞാൻ ക്ഷണിക്കുന്നു.

(20 ജൂലൈ, 1984)

# 14. ലോകയുവജനവർഷം

1985–ാമാണ്ട് യുവജനവർഷമായിരിക്കണമെന്ന് 1979–ൽ ഐക്യരാഷ്ട്രസഭയുടെ ജനറൽ അസംബ്ലി തീരുമാനിച്ചു. ലോകയുവജനവർഷാചരണത്തിനുള്ള പരിപാടികൾ, ഇരുപത്തിനാലു രാഷ്ട്രങ്ങളുടെ പ്രതിനിധികളടങ്ങിയ ഒരു ഉപദേശകസമിതി 1981–ൽ ആസൂത്രണം ചെയ്തു തുടങ്ങി. ആസ്ട്രിയയിൽ വിയന്നനഗരത്തിലുള്ള ഐക്യരാഷ്ട്ര–സാമൂഹ്യ–വികസന–മനുഷ്യകാര്യകേന്ദ്രമാണു യുവജനവർഷാചരണത്തിനുള്ള ലോകസെക്രട്ടേറിയററ്. യുവജനവർഷാചരണത്തിന്റെ ലക്ഷ്യങ്ങളും പരിപാടികളും ഇതിനകം നിർധാരണം ചെയ്യപ്പെട്ടിട്ടുണ്ട്. ഇവയ്ക്ക്, പക്ഷേ, ബഹുജനങ്ങൾക്കിടയിൽ വേണ്ടത്ര പ്രചാരണം ലഭിച്ചിട്ടില്ല.

ആരാണു യുവജനങ്ങൾ? പതിനഞ്ചുമുതൽ ഇരുപത്തിനാലുവയസ്സുവരെയാണു 'യുവജനങ്ങൾ' ആയി ഐക്യരാഷ്ട്രസമിതി അംഗീകരിക്കുന്നത്. ഈ വയോവർഗത്തിന് (എയ്ജ്ഗ്രൂപ്പിന്) സ്വന്തമായ പല പ്രശ്നങ്ങളുമുണ്ട്. ഫലപ്രദമായ സാമൂഹ്യജീവിതത്തിന്റെ രാജഗോപുരത്തിലെത്തിനിൽക്കുന്നവരാണിവർ. ഈ പ്രായം കഴിയുന്നതോടെ, മിക്കവാറും ആളുകൾ, ഏതെങ്കിലുമൊരു തൊഴിലിൽ കയറിപ്പററുകയും, ജീവിതത്തിൽ തങ്ങളുടെ ഭാഗധേയം എന്തായിരിക്കണമെന്ന്, സ്വേച്ഛയാലോ, പരിതഃസ്ഥിതികളുടെ നിർബന്ധത്താലോ നിർണയിക്കുകയുംചെയ്തിരിക്കും. അതിനാൽ, അവരുടെ പ്രശ്നങ്ങളും വ്യത്യസ്തങ്ങളായിരിക്കും. ലോകയുവജനവർഷപരിപാടികൾ സംബന്ധിച്ച് ഇന്ത്യാഗവണ്മെൻറ് പുറപ്പെടുവിച്ച ഒരറിയിപ്പിൽ, പതിനഞ്ചുമുതൽ മുപ്പത്തഞ്ചു വയസ്സുവരെയുള്ളവരാണു 'യുവജനങ്ങൾ' എന്നു പ്രസ്താവിച്ചുകണ്ടു (ഹിന്ദു, ജൂൺ 25). യുവജനവർഷപരിപാടികളുടെയാകെ സ്വഭാവം മാററുകയാവും, ഇരുപത്തഞ്ചുമുതൽ മുപ്പത്തഞ്ചുവരെ വയസ്സുള്ളവരെക്കൂടി ഈ ഗ്രൂപ്പിൽ ഉൾപ്പെടുത്തുന്നതിന്റെ ഫലം. ഈ വസ്തുത ഇന്ത്യയിലെ യുവജനങ്ങളുടെ അടിയന്തര ശ്രദ്ധ ആകർഷിക്കേണ്ടതാണ്.

എന്തിന് യുവജനവർഷാചരണം? യുവജനങ്ങൾക്കു പ്രത്യേകമായ